**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോതമംഗലം നഗരസഭയിൽ സീനിയർക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി. ജിനി പി ആർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 457/ 2021 നമ്പർ കേസിലെ 02.03.2021 തീയതിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം. 1153/ 2021/ തസ്വഭവ — തീയതി,തിരുവനന്തപുരം, 16.06.2021

---

പരാമർശം :

1. കോതമംഗലം നഗരസഭയിൽ സീനിയർക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി. ജിനി പി ആർ സർക്കാരിൽ സമർപ്പിച്ച 26.02.2021 തീയതിയിലെ നിവേദനം. (അനക്ഷർ A7)
2. ശ്രീമതി. ജിനി പി ആർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം) 457/ 2021 നമ്പർ കേസിലെ 02.03.2021 തീയതിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 28.03.2021 തീയതിയിലെ ഇ 3-7156/ 2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കോതമംഗലം നഗരസഭയിൽ സീനിയർക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച വന്നിരുന്ന ശ്രീമതി. ജിനി പി ആർ -നെ നഗരകാര്യഡയറക്ടറുടെ 19.2.2021 തീയതിയിലെ ഇ 3-15153/ 19 നമ്പർ ഉത്തരവുപ്രകാരം തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റുകയും പകരം എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ആശ എം കെ-യെ സ്ഥലംമാറ്റി കോതമംഗലം നഗരസഭയിൽ നിയമിക്കുകയും ചെയ്തിരുന്നു. നഗരകാര്യഡയറക്ടറുടെ മേൽ ഉത്തരവ് റദ്ദ് ചെയ്ത് തന്നെ കോതമംഗലം നഗരസഭയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യവുമായി ശ്രീമതി. ജിനി പി ആർ, പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM)- 457/ 2021 നമ്പർ കേസിലെ പരാമർശം 2 ഉത്തരവ് പ്രകാരം ശ്രീമതി ജിനി പി ആർ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിട്ടുള്ള 26.02.2021 ലെ നിവേദനത്തിനുമേൽ (അനക്ഷർ -എ 7) കോടതി ഉത്തരവ് ലഭിച്ച് ഒരു മാസത്തിനുള്ളിൽ ടിയാളെ കേട്ടതിനുശേഷം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം കോവിഡ് വ്യാപന പശ്ചാത്തലത്തിൽ വടക്കാഞ്ചേരി നഗരസഭയിലെ സീനിയർ ക്ലാർക്ക് ശ്രീമതി ജിനി പി ആർ, നഗരകാര്യഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ലത എസ്. എ എന്നിവരെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 09.04.2021 ന് രാവിലെ 11.30-ന് നേരിൽ കേട്ടിരുന്നു.

3. നേരിൽ കേട്ട സമയത്തെ അപേക്ഷകയുടെ വാദങ്ങൾ പ്രകാരം നഗരകാര്യഡയറക്ടറുടെ 30.8.2019-ലെ ഇ 3-15153/19 നം ഉത്തരവുപ്രകാരം മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയിൽ നിന്നും കോതമംഗലം നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ച ടിയാൾ 6.9.2019-നാണ് കോതമംഗലം നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചത് എന്നും ഏകദേശം ഒന്നര വർഷം ആകുന്നതേയുള്ളു എന്നും അതിനിടയിലാണ് നഗരകാര്യഡയറക്ടറുടെ 19.2.2021-ലെ ഇ 3-15153/19 നം ഉത്തരവുപ്രകാരം ടിയാളെ വടക്കാഞ്ചേരി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയത് എന്നും കോതമംഗലം നഗരസഭയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ടിയാൾ ഒരു പരാതിക്കും ഇടവരുത്താതെയാണ് സെക്ഷൻ കൈകാര്യം ചെയ്തിട്ടുള്ളത് എന്നും ടിയാളെകുറിച്ച് ഓഫീസിലോ കൗൺസിലിലോ ഒരു പരാതിയും വാക്കാലോ എഴുത്തിലോ ഓഫീസിൽ ലഭിച്ചിട്ടില്ല എന്നും കൂടാതെ ടിയാളുടെ ഭർത്താവിന് ആരോഗ്യപരമായ പ്രശ്നങ്ങളുള്ളതിനാൽ ടിയാൾക്ക് വടക്കാഞ്ചേരി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ളത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ വടക്കാഞ്ചേരി നഗരസഭയിൽ ജോലി ചെയ്യുവാൻ കഴിയുന്നില്ല എന്നതിനാൽ ടിയാൾ അവധിയിലാണ് എന്നും കോതമംഗലം നഗരസഭയിലോ എറണാകുളം ജില്ലയിലെ ഏതെങ്കിലും നഗരസഭയിലോ സ്ഥലം മാറ്റം നൽകണമെന്നും ഹിയറിംഗിൽ അപേക്ഷിച്ചിരുന്നു.

4. നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട്പ്രകാരം നിലവിൽ എറണാകുളം ജില്ലയിലെ നഗരസഭകളിൽ ഒഴിവുകൾ ഇല്ല എന്ന് അറിയിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യവകുപ്പ് ഡയറക്ടറുടെ മേൽ റിപ്പോർട്ട് പ്രകാരം നിലവിൽ എറണാകുളം ജില്ലയിലെ നഗരസഭകളിൽ ഒഴിവുകൾ ഇല്ലാത്ത സാഹചര്യത്തിൽ ശ്രീമതി ജിനി പി ആർ-ന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്നു കാണുന്നതിനാൽ ശ്രീമതി.ജിനി പി ആർ സമർപ്പിച്ച അനക്ഷർ-എ 7 നിവേദനം നിരസിച്ചുകൊണ്ടും, എറണാകുളം ജില്ലയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ടിയാളിന്റെ അപേക്ഷ പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുവാൻ നഗരകാര്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

6. മേൽ പ്രകാരം ശ്രീമതി ജിനി പി ആർ,ഫയൽ ചെയ്ത OA (EKM)-457/2021 -നുമേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 02.03.2021ലെ വിധിന്യായം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി.ജിനി പി ആർ, സീനിയർ ക്ലാർക്ക്, കോതമംഗലം നഗരസഭ

(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ